**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6349** **10-07-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | 2023-24 സാമ്പത്തിക വർഷത്തിൽ ജലജീവൻ മിഷന്റെ സംസ്ഥാന വിഹിതം എത്ര ഗഡുക്കൾ നൽകിയിട്ടുണ്ടെന്നും ഏതൊക്കെ മാസങ്ങളിൽ എത്ര തുക വീതമാണ് നൽകിയതെന്നും വ്യക്തമാക്കുമോ; | (എ) | 2023-24 സാമ്പത്തിക വർഷത്തിൽ ജലജീവൻ മിഷന്റെ സംസ്ഥാന വിഹിതം ആയി 2 ഗഡുക്കൾ (Two Tranches under First Installment) കിട്ടിയിട്ടുണ്ട്. ആദ്യത്തെ ഗഡു ആയ 327.75 കോടി രൂപ 22.10.2023 ലാണ് ലഭിച്ചത്. സംസ്ഥാനം നൽകേണ്ട രണ്ടാമ ത്തെ ഗഡു ഗവണ്മെന്റ് അനുവദിച്ചത് 11.12.2023 ന് ആണ്. പ്രസ്തുത ഗഡു ട്രഷറിയിൽ നിന്നും നൽകിയത് 2 ഗഡുക്കൾ ആയിട്ടാണ്. ആദ്യത്തെ ഗഡു 160 കോടി രൂപ 29.01.2024 ലും രണ്ടാമത്തെ ഗഡു 167.76 കോടി രൂപ 21.03.2024 ലുമാണ് ലഭിച്ചത്. |
| (ബി) | പ്രസ്തുത സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിന്റെ വിഹിതം മൂന്നാമത്തെ ഗഡു നൽകുവാൻ മാർച്ച് മാസം വരെ കാലതാമസം ഉണ്ടായതിനാൽ കേന്ദ്രസർക്കാരിൽ നിന്നുള്ള മൂന്ന്, നാല് ഗഡുക്കൾ നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് സംസ്ഥാന വിഹിതം ഉൾപ്പെടെ ലാപ്സ് ആയത്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ജലജീവൻ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആദ്യം കേന്ദ്ര സർക്കാരിൽ നിന്നാണ് തുക ലഭിക്കേണ്ടത്. കേന്ദ്ര സർക്കാരിൽ നിന്ന് തുക ലഭിച്ചതിനു ശേഷം 15 ദിവസത്തിനുള്ളിൽ തത്തുല്യമായ തുക സംസ്ഥാന സർക്കാർ നല്കണം. 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് മൂന്നാമത്തെ ഗഡു (First Tranche of Second Installment) ലഭിക്കാത്തതിനാൽ സംസ്ഥാന സർക്കാരും തത്തുല്യമായ തുക നൽകിയിട്ടില്ല.<br><br>2023-24 സാമ്പത്തിക വർഷം കേന്ദ്രം സംസ്ഥാനത്തിന് ജലജീവൻ മിഷന്റെ നടത്തിപ്പിനായി 1342.36 കോടി രൂപ ആണ് വകയിരുത്തിയത്. ഇതിൽ നിന്ന് സംസ്ഥാനത്തിന് 671.18 കോടി രൂപ (First Installment) ലഭിച്ചു. മൂന്നാമത്തെ ഗഡുവിന് (First Tranche of Second Installment) ഉള്ള അപേക്ഷ 23.03.2024 നു സമർപ്പിച്ചുവെങ്കിലും കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭിച്ചില്ല. തൻമൂലം സംസ്ഥാന സർക്കാരും മൂന്നാമത്തെ ഗഡുവും (First Tranche of Second Installment)) അനുവദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | മേൽപ്പറഞ്ഞ രീതിയിൽ കേന്ദ്ര വിഹിതം നഷ്ടപ്പെട്ടതിനാൽ കരാറുകാർക്ക് നൽകാനുള്ള കുടിശിക ഭീമമായി വർദ്ധിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ? | (സി) | കരാറുകാർക്ക് നൽകുവാനുള്ള കുടിശിക വർദ്ധിച്ചത് ഗൗരവത്തോടെ കാണുന്നുണ്ട്. ഇതു പരിഹരിക്കാൻ ഈ വർഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ